**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5013** **20-07-2022 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് തരിശ് ഭൂമി സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് താലൂക്കിലെ പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് 35-ലെ 261/2-ൽ റീസർവ്വേ പ്രകാരം ആകെ എത്ര സെന്റ് ഭൂമിയാണ് കണക്കുപ്രകാരമുള്ളത്; അതിൽ 03.20 ആർ ഭൂമി സർക്കാർ തരിശ് ഭൂമിയാണെന്ന് പുളിമാത്ത് വില്ലേജ് ഓഫീസർ 08.06.2021-ൽ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് മറുപടി നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | ചിറയിൻകീഴ് താലൂക്കിൽ പുളിമാത്ത് വില്ലേജിൽ ബ്ലോക്ക് 35-ൽ റീസർവ്വെ 261/2-ൽ 03.20 ആർ ഭൂമി ബി.റ്റി.ആർ പ്രകാരം കാണുന്നു. റീസർവ്വെ 261/2 ലെ 3.20 ആർ ഭൂമി സർക്കാർ തരിശ് വിഭാഗത്തിൽപ്പെട്ടതാണെന്ന്, വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് പുളിമാത്ത് വില്ലേജ് ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ സ്ഥലവാസികളായ കുടുംബങ്ങൾക്ക് പ്രസ്തുത തരിശ് ഭൂമിയിലൂടെയുള്ള നിലവിലെ യാത്രാ സൗകര്യം നിഷേധിക്കാതെ അതിർത്തി കെട്ടി തിരിച്ച് സംരക്ഷിക്കണമെന്ന് കാണിച്ച് 2012-ൽ അന്നത്തെ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകിയ ഹർജിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു എന്ന് തീയതി സഹിതം അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഭൂമി സംബന്ധിച്ച് 2012-ൽ അന്നത്തെ റവന്യൂ അധികാരികൾക്ക് നൽകിയ ഹർജിയിന്മേൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ടി ഹർജി ഏത് ഓഫീസിൽ നൽകി എന്നുള്ളതോ, ഫയൽ നമ്പരോ വ്യക്തമല്ലാത്തതിനാൽ ടി വിഷയം പരിശോധിച്ച് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | വകുപ്പ് മന്ത്രിക്ക് 17.02.2022-ന് നൽകിയ പരാതിയിൻമേൽ (ആർ. 101036) സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (സി) | ബഹു.റവന്യൂ മന്ത്രിക്ക് 17.02.2022-ൽ സമർപ്പിച്ച പരാതിയിൽ ചിറയിൻകീഴ് ഭൂരേഖ തഹസിൽദാർ മുഖേന അന്വേഷണം നടത്തിയിട്ടുള്ളതും കയ്യേറ്റ കക്ഷികൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുകയുമാണ്. പുളിമാത്ത് വില്ലേജ് റീസർവ്വെ 261/2-ൽ 00.24 ആർ, 261/3-ൽ 02.90 ആർ സർക്കാർ തരിശ്ശ് അനധികൃതമായി കൈയ്യേറിയതിന് ശ്രീ.അനിത് കുമാറിന്റെ പേരിൽ KLC 29/20 നമ്പറായി കേസ് ബുക്ക് ചെയ്ത് ഹിയറിംഗ് നടത്തിയിട്ടുള്ളതും, ടി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് XXII/28/22 നമ്പർ ഉത്തരവും C Form നോട്ടീസും നൽകിയിട്ടുള്ളതായും KLC Amendment Act-2009 പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | പ്രൊസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് കിളിമാനൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് ജില്ലാ കലക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സ്ഥലവാസികൾ ഇതു സംബന്ധിച്ച് 19.03.22-ൽ മിത്രം പോർട്ടലിൽ നൽകിയ പരാതിയിന്മേൽ 261/2, 261/3 എന്നീ സർവ്വേ നമ്പരുകളിലെ പുറമ്പോക്ക് തരിശ് ഭൂമി സംരക്ഷിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ ഭൂരേഖ തഹസിൽദാർ (ചിറയിൻകീഴ്) സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കിയിരുന്നോ; എങ്കിൽ അത് പ്രകാരം ബന്ധപ്പെട്ട റവന്യൂ അധികാരികൾ ഇതിനോടകം സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ; | (ഡി) | ഈ വിഷയം സംബന്ധിച്ച് 16.02.2022-ൽ മിത്രം പോർട്ടലിൽ സമർപ്പിച്ച പരാതിയിൽ (R1010361) ചിറയിൻകീഴ് തഹസിൽദാർ (ഭൂരേഖ) ബന്ധപ്പെട്ട കക്ഷിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുളിമാത്ത് വില്ലേജ് റീസർവ്വെ 261/2-ൽ 00.24 ആർ, 261/3-ൽ 02.90 ആർ സർക്കാർ തരിശ്ശ് അനധികൃതമായി കൈയ്യേറിയതിന് ശ്രീ.അനിത് കുമാറിന്റെ പേരിൽ KLC 29/20 നമ്പറായി കേസ് ബുക്ക് ചെയ്ത് ഹിയറിംഗ് നടത്തിയിട്ടുള്ളതും, ടി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് XXII/28/22 നമ്പർ ഉത്തരവും C Form നോട്ടീസും നൽകിയിട്ടുള്ളതായും KLC Amendment Act-2009 പ്രകാരമുള്ള പ്രൊസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് കിളിമാനൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | കയ്യേറ്റശ്രമം നടത്തുന്നവർ പ്രബലരും സാമ്പത്തിക സ്വാധീനവുമുള്ളവരായതിനാലും ഉദ്യോഗസ്ഥർ ബോധപൂർവം പിഴവ് വരുത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത സ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തിക്കോ സ്ഥാപനത്തിനോ സംഘടനകൾക്കോ മറ്റാർക്കെങ്കിലുമോ പതിച്ച് നല്കാൻ നിലവിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എഫ്) | ഇല്ല. |
| (ജി) | ടി സ്ഥലത്ത് സർക്കാർ ഏത് തരത്തിലുള്ള ക്രയവിക്രയത്തിന് തയ്യാറായാലും പ്രദേശവാസികളായവർ അനുഭവിച്ച് വരുന്ന യാത്രാ സൗകര്യം ഒരു തരത്തിലും തടസ്സപ്പെടാതിരിക്കാൻ ശ്രദ്ധചെലുത്തുമോ; വിശദമാക്കാമോ? | (ജി) | പ്രദേശവാസികളുടെ യാത്രാ സൗകര്യം തടസ്സപ്പെടാതിരിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ